**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2619** **17-03-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലുള്ള ഖാദി ബോർഡിന്റെ സ്ഥലം കൈയ്യേറിയത് ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ ഇടയ്ക്കോടിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈയ്യേറിയത് ഒഴിപ്പിച്ച് ബോർഡിന്റെ നിയന്ത്രണത്തിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; ആയത് സംബന്ധിച്ച് ഖാദി ബോർഡ് റവന്യൂ വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; തുടർ നടപടികൾ എന്തെന്ന് വിശദമാക്കാമോ? | (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ ഇടയ്ക്കോടിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈയ്യേറിയത് ഒഴിപ്പിച്ച് ബോർഡിന്റെ നിയന്ത്രണത്തിലാ ക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നതിന്റെ ഭാഗമായി 14.06.2018 ന് ബോർഡ് റവന്യൂ വകുപ്പിനോട് ഈ വസ്തു കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ കരം ഒടുക്കി ഉടമസ്ഥാവകാശം നൽകണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). റവന്യൂ ഡിവിഷണൽ ഓഫീസർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ സിവിൽ കോടതിയെ സമീപിച്ച് ടി സ്ഥലം ഖാദി ബോർഡിന്റെ അധീനതയിലാക്കുന്നതിന് അപേക്ഷ നൽകുകയും ആയതിന്മേൽ സിവിൽ നടപടികൾ തുടർന്ന് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസ്
ശ്രീ.ശൈലം, റ്റി.സി.25/3505, ഉപ്പളം റോഡ് ,
ജി.പി.ഒ, തിരുവനന്തപുരം-695001.
Email: potvm@kkvib.org

നമ്പർ.TP.210/2012/ഖാദി തീയതി :14.06.2018

പ്രേഷകൻ

പ്രോജക്ട് ആഫീസർ,
തിരുവനന്തപുരം.

സ്വീകർത്താവ്

റവന്യൂ ഡിവിഷണൽ ആഫീസർ,
റവന്യൂ ഡിവിഷൻ ആഫീസ്,
തിരുവനന്തപുരം.

സർ,

വിഷയം:- ഖാദി വ്യവസായം- പള്ളിച്ചൽ വില്ലേജിലെ റീ സർവ്വേ നം. 151/2 ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡ് ചെയർമാന്റെ പേരിൽ തണ്ട പേർ മാറ്റിത്തരുന്നത് -സംബന്ധിച്ച്.

സൂചന:-
1. കുടിക്കട സർട്ടിഫിക്കറ്റ് തീയതി 21.04.2018
2. ഓംബുഡ്സ്മാൻ വിധി തീയതി 03.09.2013, ഒ.പി. നം. 61/2011
3. തണ്ടപേർ നം. 1204- പള്ളിച്ചൽ വില്ലേജ്.

സൂചന (3) പ്രകാരം പള്ളിച്ചൽ വില്ലേജിലെ തണ്ടപേർ നം. 1204 പ്രകാരം പള്ളിച്ചൽ വില്ലേജിൽപ്പെട്ട ഇടക്കോട് ദേശത്തിലെ റീ സർവ്വേ നം. 151/2 ൽപ്പെട്ട 17.20 ആർ സ്ഥലം സർവ്വോദയത്തിന് വേണ്ടി ഖാദി ബോർഡ് എന്ന പേരിൽ വർഷങ്ങളായി കിടക്കുകയാണ്. ഇത് ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്തു തുടങ്ങിയ സർവ്വോദയ സംഘം വക വസ്തുവാണ്. ഇത് ഇപ്പോൾ മറ്റ് ആളുകൾ കൈയ്യേറി താമസം ആക്കിയിരിക്കുന്നതിനാൽ ഈ വസ്തു കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ കൂട്ടി കരം ഒടുക്കി ഉടമസ്ഥാവകാശം തരണമെന്ന് അപേക്ഷിക്കുന്നു.

ഇത് സംബന്ധിച്ച് ബഹു:തദ്ദേശ സ്വയം ഭരണത്തിനായുള്ള ഓംബുഡ്സ്മാൻ 61/2011-ാം നമ്പർ കേസ്സിൽ 3.4.2013 ന് വിധി പ്രകാരം ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഉത്തരവിട്ടിട്ടുള്ളതാണ്.

കൂടാതെ ഈ കഴിഞ്ഞ 21.04.2018 ന് അനുവദിച്ചു തന്നിട്ടുള്ള കുടിക്കട സാക്ഷ്യപത്രത്തിലും ടി വസ്തു ഖാദി ബോർഡിന്റെ പേരിലാണ് ഉള്ളത് എന്ന് വ്യക്തമായിട്ടുണ്ട്.

റഫ.നം.ബി1/853/2018

റവന്യൂഡിവിഷണൽ ഓഫീസ്,
നെടുമങ്ങാട്, പിൻ.695 541
ഫോൺ നം.0472 2800700
ഇ-മെയിൽ rdonedumangadu@gmail.com
തീയതി.13.09.2018

റവന്യൂ ഡിവിഷണൽ ഓഫീസർ
നെടുമങ്ങാട്

പ്രോജക്ട് ഓഫീസർ
ഡിസ്ട്രിക്ട് ഖാദി &വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസ്
ശ്രീശൈലം, റ്റി.സി 25/3505,URR-103-1
ഉപ്പളം റോഡ്, ജി.പി.ഒ,
തിരുവനന്തപുരം-695001

സർ,

വിഷയം : ഉടമസ്ഥാവകാശം സ്ഥാപിക്കാൻ -കരം ഒടുക്കൽ പള്ളിച്ചൽ വില്ലേജ്, സർവ്വെ നമ്പർ 151/2, 17.20 ആർ സംബന്ധിച്ച്.

സൂചന
1. താങ്കളുടെ 14.06.2018 ലെ റ്റി.പി 210/2012/ഖാദി നമ്പർ കത്ത്.
2. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാന്റെ 03.09.2013 ലെ ഒ.പി.നം.61/2011 നമ്പർ ഉത്തരവ്.

സൂചന കാണുക. മേൽ വിഷയം സംബന്ധിച്ച് സൂചന(1) പ്രകാരമുള്ള താങ്കളുടെ ഹർജി പരിശോധിച്ചതിൽ ഉടമസ്ഥാവകാശം സ്ഥാപിച്ച് കൊടുക്കുവാനുള്ള അധികാരം ഈ കാര്യാലയത്തിന്റെ അധികാര പരിധിയിൽ വരുന്നതല്ലാത്തതിനാൽ സൂചന(2) ലെ ഉത്തരവിൽ നിർദ്ദേശിച്ച തരത്തിൽ അധികാര പ്രാപ്തിയുള്ള സിവിൽ കോടതിയെ സമീപിച്ച് താങ്കളുടെ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്/-
റവന്യൂഡിവിഷണൽ ഓഫീസർ

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്.